# റജബ് മാസവും അനാചാരങ്ങളും

അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

ഇസ്‌ലാമിന്‍റെ യഥാര്‍ത്ഥരൂപം വികൃതമാക്കുകയും ജനങ്ങള്‍ക്ക് പ്രയാസങ്ങളുണ്ടാക്കുകയും ചെയ്യുന്നവിധം പലതരത്തിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മതത്തിന്‍റെ ലേബലില്‍ പ്രചരിപ്പിക്കുകയും, ഏറെക്കുറെ അവ പാമരന്‍മാരായ ജനങ്ങളില്‍ സ്വാധീനം നേടുകയും ചെയ്യുന്നത് എക്കാലത്തും കാണാന്‍ കഴിയുന്ന ഒരു വസ്തുതയാണ്. എന്നാല്‍ കര്‍മ്മങ്ങള്‍ എങ്ങിനെയെങ്കിലും നിര്‍വഹിക്കുക, തനിക്ക് തോന്നുന്ന വിധം നിര്‍വഹിക്കുക എന്നത് ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നതല്ല. അപ്രകാരം തന്നെ പ്രചരിപ്പിക്കുന്നവരുടേയും പ്രവര്‍ത്തകരുടേയും ലക്ഷ്യം മാത്രം നന്നായാല്‍ പോര, പ്രവര്‍ത്തിക്കുന്ന കാര്യവും മതപ്രമാണങ്ങളായ ഖുര്‍ആനിലോ തിരുസുന്നത്തിലോ സ്ഥിരപ്പെട്ടവയുമായിരിക്കണം.

അല്ലാഹു പറയുന്നത് കാണുക: ‘‘ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ട് അതിനു വേണ്ടി അതിന്‍േറതായ പ്രവര്‍ത്തനം പ്രവര്‍ത്തിക്കുകയും ചെയ്താല്‍ അത്തരക്കാരുടെ പ്രവര്‍ത്തനം നന്ദിപൂര്‍വ്വം സ്വീകരിക്കപ്പെടും (പ്രതിഫലാര്‍ഹമായിരിക്കും)’’ (ഇസ്‌റാഅ് 19).

പരലോകം ലക്ഷ്യംവെച്ച് നാം പ്രവര്‍ത്തിക്കുന്ന ഏത് കാര്യവും മുകളില്‍ സൂചിപ്പിച്ച ഖുര്‍ആന്‍ വചനത്തില്‍ പറയുന്ന നിബന്ധനകള്‍ക്ക് അനുസരിച്ചാണോ എന്ന് നാം എപ്പോഴും ശ്രദ്ധിക്കേണ്ടതാണ് അല്ലാത്തപക്ഷം അവരുടെ പ്രവര്‍ത്തനങ്ങള്‍ നഷ്ടത്തിലായിരിക്കും കലാശിക്കുക എന്ന കാര്യവും ഖുര്‍ആന്‍ മുന്നറിയിപ്പ് നല്‍കുന്നുണ്ട്. റജബ് മാസവുമായി ബന്ധപ്പെട്ട് ജനങ്ങള്‍ക്കിടയില്‍ നിലനില്‍ക്കുന്ന ഏതാനും അബദ്ധധാരണകള്‍ തുറന്ന് കാണിക്കുകയാണിവിടെ ഉദ്ദേശിക്കുന്നത്.

റജബ്മാസം അല്ലാഹു പവിത്ര മാസങ്ങളായി പ്രഖ്യാപിക്കപ്പെട്ട നാല് മാസങ്ങളില്‍ ഒന്നാകുന്നു. ഖുര്‍ആന്‍ അത് ഇപ്രകാരം വ്യക്തമാക്കുന്നു. ‘‘ആകാശ ഭൂമികളുടെ സൃഷ്ടിപ്പ് ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് മാസങ്ങളുടെ എണ്ണം അല്ലാഹുവിങ്കല്‍ പന്ത്രണ്ടാകുന്നു അവയില്‍ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു’’ (തൗബ 36). അവ ഏതൊക്കെയാണെന്ന് ഹദീസിലൂടെ വ്യക്തമാക്കുന്നുണ്ട് ‘‘ദുല്‍ഖഅദ്, ദുല്‍ഹജ്ജ്, മുഹര്‍റം എന്നിങ്ങനെ തുടരെ വരുന്ന മൂന്ന് മാസങ്ങളും മറെറാരെണ്ണം ജമാദുല്‍ ആഖിറിന്‍േറയും ശഅബാനിന്‍േറയും ഇടയിലായി വരുന്ന റജബ് മാസവുമാകുന്നു അത്’’ (മുതഫഖുന്‍ അ ലൈഹി).

എന്നാല്‍ റജബ് മാസം യുദ്ധം വിലക്കപ്പെട്ട മാസങ്ങളില്‍ ഒന്നാണ് എന്ന് പഠിപ്പിച്ച പ്രവാചകന്‍ (സ) പ്രസ്തുത മാസത്തില്‍ മററു മാസങ്ങളില്‍ നിന്നും വ്യത്യസ്ഥമായി ഏതെങ്കിലും നിലക്കുള്ള ഇബാദത്തുകളോ (ആരാധനകള്‍), പ്രാര്‍ത്ഥനകളോ, കീര്‍ത്തനങ്ങളോ നിര്‍വ്വഹിക്കുകയോ ഉരുവിടുകയോ ചെയ്തതായി പ്രമാണങ്ങളില്‍ നിന്നും മനസ്സിലാക്കാന്‍ കഴിയുന്നില്ല. അപ്രകാരം തന്നെ അനുയായികളെ പഠിപ്പിക്കുകയോ, ഉത്തമ നൂററാണ്ടുകള്‍ എന്ന് പ്രവാചകന്‍ (സ) വിശേഷിപ്പിച്ച ആദ്യ മൂന്ന് നൂററാണ്ടുകളില്‍ ജീവിച്ച സലഫുസ്സ്വാലിഹുകളില്‍ നിന്നും അത്തരത്തിലുള്ള ഒരു പ്രവര്‍ത്തനവും റിപ്പോര്‍ട്ട് ചെയ്യപ്പെടുന്നുമില്ല എന്നതുമാണ് യാഥാര്‍ത്ഥ്യം. അതുകൊണ്ട്

തന്നെ റജബ് മാസത്തിൻെറ പ്രത്യേകതയായി പൊതുജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഏതാനും വിഷയങ്ങളും അവയുടെ സത്യാവസ്ഥയും വ്യക്തമാക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

**1. മിഅ്റാജ് മാസമെന്ന് കരുതി ആദരവ് കൽപ്പിക്കൽ**

റജബ് മാസത്തിലാണ് നബി(സ)യുടെ മിഅ്റാജ് നടന്നിട്ടുള്ളത് എന്ന് കരുതി പ്രത്യേകമായി ആദരവു കൽപ്പിക്കുന്നതിന് മതപ്രമാണങ്ങളിൽ നിന്നുള്ള തെളിവുകളുടെ പിൻബലമില്ല; നബി(സ)യുടെ ജീവിതത്തിലുണ്ടായിട്ടുള്ള അൽഭുതസംഭവങ്ങളായ ഇസ്റാഉം മിഅ്റാജും നടന്നിട്ടുള്ളത് ഏത് മാസമാണ് എന്ന കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ ഏകാഭിപ്രായമില്ല. ഇനി പ്രസ്തുത സംഭവം നടന്നത് ഇന്ന മാസമാണെന്ന് തെളിഞ്ഞാൽ തന്നെ അതുമായി ബന്ധപ്പെട്ട് പ്രത്യേകമായി ഒരുതരത്തിലുള്ള ഇബാദത്തും മുസ്ലിംകൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

**2. റഗാഇബ് നമസ്കാരം**

റജബ് മാസത്തിലെ ആദ്യവെള്ളിയാഴ്ച രാത്രി റഗാഇബ് എന്ന പേരിൽ പ്രത്യേകം സുന്നത്തു നമസ്കാരമുള്ളതായി വന്നിട്ടുള്ള എല്ലാ ഹദീസുകളും ദുർബലവും ബാത്വിലുമാണ് എന്ന് ബഹു: **ഇബ്നു റജബ് (റ)** തൻെറ **'ലത്വാഇഫ്'** എന്ന ഗ്രന്ഥത്തിൽ വ്യക്മാക്കുന്നുണ്ട്. മുൻഗാമികളിൽ നിന്നാരുംതന്നെ ഇങ്ങിനെ ഒരു നമസ്കാരത്തെപ്പററി റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ അത് ബിദ്അത്തും പ്രവർത്തിക്കൽ കുററകരവുമാണ്. ഈ നമസ്കാരം തെളിവിൻെറ പിൻബലമില്ലാത്തതും നിർവ്വഹിക്കൽ കുററകരവുമാണ് എന്ന് **ഇമാം അബൂശാമ:(റ)**യും തൻെറ **അൽബാഇഥു അലാ ഇൻകാരിൽ ബിദഇ വൽ ഹവാദിസി** (പേജ് 174) എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**3. റജബ്മാസത്തിലെ നോമ്പ്**

റജബ് മാസത്തിലെ ആദ്യത്തെ വ്യാഴാഴ് ച നോമ്പ് നോൽക്കുന്നത് സുന്നത്താണ് എന്ന് കരുതി അതനുഷ്ഠിക്കുന്ന ചിലരെയെങ്കിലും പലയിടങ്ങളിലും കണ്ട്വരാറുണ്ട്. എന്നാൽ എന്താണ് മതം, അതെങ്ങിനെ ജീവിതത്തിൽ പ്രാവർത്തികമാക്കണം എന്ന് പഠിപ്പിച്ചു തരാൻ നിയുക്തനായ പ്രവാചകൻ (സ) തന്നെ ജീവിതത്തിൽ അനുഷ്ഠിക്കുകയും അനുജരന്മാരെ പഠിപ്പിക്കുകയും ചെയ്ത നോമ്പുകൾ ഏതൊക്കെയാണ് എന്നത് ഹദീസ് ഗ്രന്ഥങ്ങളിലൂടെ ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അക്കൂട്ടത്തിൽ റജബ് മാസത്തിൽ മാത്രമായി സുന്നത്തുള്ള ഒരു നോമ്പ് നമുക്ക് കാണാൻ കഴിയുന്നില്ല. അത്കൊണ്ട് തന്നെ അത്തരത്തിലുള്ള നോമ്പ് പിന്നീടുണ്ടായ ദുരാചാരമാണ് എന്നതിൽ സംശയമില്ല. ദുരാചാരങ്ങൾ നരകത്തിലേക്ക് മനുഷ്യനെ കൊണ്ട് ചെന്നെത്തിക്കുന്ന ദുർമാർഗ്ഗമാണ് എന്ന് നബി(സ) തൻെറ എല്ലാ ഖുതുബകളുടേയും ആമുഖമായി സൂചിപ്പിക്കാറുള്ളതുമാണ്. അപ്രകാരം തന്നെ റജബ് ഇരുപത്തിയേഴിനോ അതല്ലങ്കിൽ റജബ്മാസം മുഴുവനായോ നോമ്പ് നോൽക്കുന്നതായി കണ്ട് വരുന്നു. ഇതും സ്വഹീഹായ ഹ്വദീസിൻെറ യാതൊരുവിധ പിൻബലവുമില്ലാത്ത കാര്യമാണ്. ഇക്കാര്യം **ഇബ്നു ഹജറുൽ അസ്ഖലാനി(റ)** അദ്ദേഹത്തിൻെറ **'തബ്യീനുൽ ഉജ്ബ് ഫീമാ വറദ ഫീ ശഹ്രി റജബ്'**(പേജ് 9, 19, 64) എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്.

**4. തൊണ്ണൂററാറ് നോമ്പ്**

റമദാനിലെ ഫറദ് നോമ്പും ശവ്വാലിലെ ആറ് സുന്നത്ത് നോമ്പുമടക്കം റജബ്, ശഅ്ബാൻ എന്നീ രണ്ട് മാസങ്ങൾ മുഴുവനായും ചേർത്ത് തൊണ്ണൂററാറ് നോമ്പ് അനുഷ്ടിക്കുന്ന പതിവും ചില രിൽ കണ്ട്വരുന്നത് അടിസ്ഥാനമില്ലാത്തതാണ്. ഇത്തരക്കാർ പലപ്പോഴും നബി(സ) കൽപ്പിച്ചതും നിർവ്വഹിച്ചതുമായ സുന്നത്തു നോമ്പുകൾക്ക് വേണ്ടത്ര പ്രാധാന്യവും കൊടുക്കാറില്ല എന്നതാണ് ഖേദകരം. എന്നാൽ ഏത് മാസവും പതിമൂന്ന്, പതിനാല്, പതിനഞ്ച് എന്നീ ദിവസങ്ങളിലെ നോമ്പ് സുന്നത്താണ്. അത് റജബിലും ശഅ്ബാനിലുമെല്ലാം നിർവ്വഹിക്കാവുന്നതാണ്.

**5. റജബ് മാസത്തിലെ ഉംറ:**

നബി(സ) റജബ് മാസത്തിൽ ഉംറ ചെയ്തതായോ, റജബ് മാസത്തിലെ ഉംറക്ക് പ്രത്യേകമായി മററു മാസങ്ങളിൽ ഉള്ളതിനേക്കാൾ പുണ്യമുള്ളതായി കൽപ്പിച്ചതായോ ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടില്ല. നബി(സ) നാല് അവസരങ്ങളിൽ നാല് യാത്രകളിലായി നാല് ഉംറ മാത്രമാണ് നിർവഹിച്ചിട്ടുള്ളത്. (ഒരേ യാത്രയിൽ ഒന്നിലധികം ഉംറ നിർവ്വഹിക്കുന്നത് നബി(സ)യുടെ സുന്നത്തിൽപെട്ടതല്ല. മക്കം ഫത്ഹിൻെറ അവസരത്തിൽ പത്തൊമ്പത് ദിവസം നബി(സ) മക്കയിൽ താമസിക്കുകയുണ്ടായി; എന്നിട്ടും കൂടുതൽ ഉംറ നിർവ്വഹിക്കുകയുണ്ടായിട്ടില്ല. നബി(സ) നിർവ്വഹിച്ച ഉംറകളിൽ മൂന്നെണ്ണവും ദുൽഖഅദ് മാസത്തിലായിരുന്നു. മറെറാരെണ്ണം തൻെറ ഹജ്ജത്തുൽ വിദാഅ് (വിടവാങ്ങൽ ഹജ്ജ്)ൻെറ കൂടെ ദുൽഹജ്ജ് മാസത്തിലുമായിരുന്നു). റജബ്മാസത്തിലെ ഉംറക്ക് പ്രത്യേകം പുണ്യമുണ്ടായിരുന്നുവെങ്കിൽ പ്രവാചകൻ(സ) നിർദ്ദേശിക്കുമായിരുന്നു. അത്കൊണ്ട് തന്നെ റജബ് മാസത്തിലെ ഉംറക്ക് കൂടുതൽ പുണ്യമുണ്ടെന്ന ധാരണയും അടിസ്ഥാനരഹിതമാണ്. ഇക്കാര്യം ബഹു: **ഇബ്നുൽ ഖയ്യിം (റ)** തൻെറ **സാദുൽ മആദ്** എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സഹോദരൻമാരേ, വിശുദ്ധ ഖുർആനിലെ ഒരു വചനം ഇത്തരുണത്തിൽ ഓർക്കുന്നത് നന്നായിരിക്കും: ‘‘(നബിയേ), പറയുക: പ്രവർത്തിച്ചു പരാജയപ്പെടുന്ന ഒരു വിഭാഗത്തെ ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ, ഐഹിക ജീവിതത്തിൽ അവർ ചെയ്ത പ്രവർത്തനങ്ങൾ പിഴച്ചുപോയവരാണവർ, തങ്ങൾ നല്ലതാണ് പ്രവർത്തിക്കുന്നത് എന്ന് കരുതി കർമ്മങ്ങൾ ചെയ്തവരാണവർ,.. .. (എന്നാൽ) അവരുടെ കർമ്മളെല്ലാം നിഷ്ഫ ലമായിപ്പോയത് തന്നെ, അന്ത്യദിനത്തിലാകട്ടെ യാതൊരു തൂക്കവും നാം അവർക്ക് (അവരുടെ കർമ്മങ്ങൾക്ക്) നൽകുന്നതല്ല. അവിശ്വസിക്കുകയും നമ്മുടെ ദൃ ഷ്ടാന്തങ്ങളേയും ദൂതൻമാരെയും പരിഹസിക്കുകയും ചെയ്ത കാരണത്താൽ നരകമത്രെ അവർക്കുള്ള പ്രതിഫലം’’ (അൽകഹ്ഫ് 103–106).

നോക്കൂ.. എന്തൊരു കഷ്ടമാണ് പ്രവർത്തിച്ചിട്ടും നരകത്തിൽ പോകേണ്ടിവരിക എന്നുള്ളത്!?. ചിന്തിക്കുക, ഖുർആനും ഹദീസുമാകുന്ന പ്രമാണങ്ങളിൽ ഉള്ളത് മാത്രം നാം പ്രവർത്തിക്കുക, ‘‘സ്വർഗം ലഭിക്കാനും നരകത്തിൽനിന്നു രക്ഷപ്പെടാനുമുള്ള ഒരു കാര്യവും ഞാൻ നിങ്ങളോട് പറയാതെ പോകുന്നില്ല’’എന്ന പ്രവാചകവചനം അതാണല്ലോ നമ്മെ അറിയിക്കുന്നത്. അപ്രകാരം തന്നെ പരലോകത്ത് ഒരു വിഭാഗം ആളുകൾ കൈ കടിച്ച് വിലപിക്കുന്ന കാര്യം ഖുർആൻ സൂറത്ത് ഫുർഖാനിൽ വിവരിക്കുന്നുണ്ട്. അവർ അന്ന് വിലപിക്കുന്ന അവസരത്തിൽ അവർക്ക് പററിയ രണ്ട് ഭീമാബദ്ധങ്ങൾ എടുത്ത് പറഞ്ഞായിരിക്കും കരയുന്നത് എന്ന് ഖുർആൻ എടുത്ത് പറയുന്നുണ്ട്. അവയിലൊന്ന് ഞാൻ റസൂലിൻെറ മാർഗ്ഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നും മറെറാന്ന് ഞാൻ കണ്ണിൽ കണ്ടവരുടെ മാർഗ്ഗം പിൻപററാതിരുന്നു എങ്കിൽ എത്ര നന്നായിരുന്നു എന്നുമായിരിക്കും. ഇത് മനസ്സിലാക്കി അത്തരം ഹതഭാഗ്യരിൽ പെട്ടുപോകാതിരിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു ഇക്കാര്യം നമുക്ക് മുൻകൂട്ടി അറിയിച്ചു തന്നിട്ടുള്ളത്.

അല്ലാഹു പറയുന്നത് കാണുക: ‘‘അക്രമം ചെയ്തവന്‍ തന്‍െറ കൈകള്‍ കടിക്കുന്ന ദിവസം ‘റസൂലിന്‍െറ കൂടെ ഞാന്‍ ആ മാര്‍ഗ്ഗം സ്വീകരിച്ചിരുന്നെങ്കില്‍ എത്ര നന്നായിരുന്നേനേ, എന്‍െറ കഷ്ടമേ! ഇന്ന ആളെ ഞാന്‍ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കില്‍ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നു കിട്ടിയതിനു ശേഷം അതില്‍ നിന്നവന്‍ എന്നെ തെററിച്ചു കളഞ്ഞുവല്ലോ’ എന്നിങ്ങനെ അവന്‍ പറയും. പിശാച് മനുഷ്യനെ കൈവിട്ടു കളയുന്നവനാകുന്നു. (അന്ന്) റസൂല്‍ പറയും: ‘എന്‍െറ രക്ഷിതാവേ, എന്‍െറ ജനത ഈ ഖുര്‍ആനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു’ എന്ന്’’ (സൂറ: ഫുര്‍ഖാന്‍ 27,28, 29, 30)

ഇത്തരത്തിലുള്ള കാര്യങ്ങള്‍ ഖുര്‍ആനിലൂടെയും അതിന്‍െറ വിവരണമായ പ്രവാചക ചര്യയിലൂടെയും പഠിക്കുവാനും സത്യം സത്യമായി മനസ്സിലാക്കുവാനും അതനുസരിച്ച് ജീവിക്കുവാനും, തെററിനെ തെററായികണ്ട് അവ കയ്യൊഴിക്കുവാനും അല്ലാഹു നമുക്ക് തൗഫീഖ് നല്‍കി അനുഗ്രഹിക്കട്ടെ (ആമീന്‍).

وصلى الله وسلم وبـــارك على نبـــينا محمد وآلـــه وأصحـــابه أجمـــعـــيـــن

والحمد لله رب العالمين .